X 50 = 800). മേൽ ലിസ്റ്റിൽ ഉൾപ്പെടുന്ന എത്ര നായകൾക്ക് നടപ്പ് വർഷത്തിൽ (2025-26) ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടുണ്ടെന്ന് വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/29.10.2025) ന് പേവിഷ വാക്സിൻ നൽകിയ എല്ലാ നായകൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാക്സിനേഷൻ ക്യാമ്പുകളിൽ തന്നെ സൗകര്യം ഏർപ്പെടുത്തി യഥാസമയം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

## 1-18 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S0261/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, വടാട്ടുപാറ |
| അടങ്കൽ | ₹7,50,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹7,50,000/-<br>1) ₹3,75,000/- - BRN. 241208520847010065I9/10.12.2024<br>2) ₹3,75,000/- - BRN. 241208520847014032O2/28.02.2025 |

മേൽപ്രകാരമുള്ള പ്രോജക്ടിലുൾപ്പെടുത്തി കടുമ്പുഴ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന രണ്ട് വനിതാ സംരംഭകർക്ക് ലോണിന് സബ്സിഡി ഇനത്തിൽ ₹3,75,000/- വീതം കീരംപാറ കേരള ബാങ്കിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | നടത്തിപ്പുകാർ | ആകെ ബാങ്ക് ലോൺ | സബ്സിഡി |
|---|---|---|---|---|
| 1 | മാമലക്കാരൻ കോഫി ഷോപ്പ് | രമ്യ ജയേഷ്, ഉഷ മാധവൻ | ₹5,00,000 | ₹3,75,000 |
| 2 | ശ്രീഭദ്ര കോഫി ഷോപ്പ് | സിരിജ, ദീപ | ₹5,00,000 | ₹3,75,000 |
| ആകെ | | | | ₹7,50,000 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

2) നിലവിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ, ലോൺ കൃത്യമായി തിരിച്ചടക്കുന്നുണ്ടോ എന്നിവ സംബന്ധിച്ച കൃത്യമായ മോണിറ്ററിങ് നടക്കുന്നതായി കാണുന്നില്ല .

3) കൃത്യമായ ഇടവേളകളിൽ ലോൺ തിരിച്ചടവ് സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ഹാജരാക്കുന്നതായോ പരിശോധിക്കുന്നതായോ കാണുന്നില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീ.30.10.2025) മറുപടി ലഭിച്ചില്ല. പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടതാണ്. നിലവിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും, ലോൺ കൃത്യമായി തിരിച്ചടക്കുന്നുണ്ടോ എന്നും മോണിട്ടറിംഗ് സമിതി കൃത്യമായ ഇടവേളകളിൽ മോണിട്ടറിംഗ് നടത്തി വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജാഗ്രത പാലിക്കേണ്ടതുമാണ്.

## 1-19 ഇ ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ട് - അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഇ- ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുകകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ചേലാട് എസ്.ബി.ഐ. ബാങ്കിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം.4109358985) ഡെപ്പോസിറ്റ് ചെയ്തുപോരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ നം.ഡി.ബി./7942/2010/സി.ഇ./ ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ആരംഭിച്ചിട്ടുള്ള ഈ അക്കൗണ്ടിൽ ഇ-ടെണ്ടർ ഫീസ് മാത്രമാണ് ഇടപാട് നടത്തേണ്ടത്. മറ്റ് യാതൊരു ഇടപാടുകളും ഈ അക്കൗണ്ടിലൂടെ നടത്താവുന്നതല്ല. എന്നാൽ കടുമ്പുഴ ഗ്രാമപഞ്ചായത്തിൽ ഇ- ടെണ്ടർ ഫീസ് കൂടാതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ബിൽതുകകൾ, റിക്കവറിതുകകൾ തുടങ്ങിയവയുടെ ഇടപാടുകൾ കൂടി ഈ അക്കൗണ്ടിലൂടെ നടത്തുന്നു. ഈ അക്കൗണ്ടിൽ വന്നിട്ടുള്ള തുകകൾ ഏതൊക്കെയെന്നും പേയ്മെന്റ് നടത്തിയ തുകകൾ ഏതിനത്തിലുള്ളതാണെന്നും നീക്കിയിരിപ്പ് തുകയിൽ ഏതെല്ലാം ഇനത്തിൽ എത്രവീതം തുക ആണെന്നും വ്യക്തത വരുത്തുവാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നു എന്നത് മാത്രമല്ല ഈ ബാങ്ക് അക്കൗണ്ട്

ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടാത്തതിനാൽ ഇതിലേക്ക് മാറ്റുന്ന തുകകളുടെ വിനിയോഗവിവരങ്ങൾ പരിശോധനയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനും കാരണമാകുന്നു.

ഓരോ ഇ-ടെണ്ടർ നടപടികളിലൂടെയും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം മുതൽകൂട്ടി നൽകിയതായും കാണുന്നില്ല. യഥാസമയം ഇപ്രകാരം ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട പലിശയിനത്തിലുള്ള വരവ് ലഭിക്കുന്നില്ല.

ഇ- ടെണ്ടർ ഫീ ബാങ്ക് അക്കൗണ്ടിൽ 31.3.2025 ൽ ₹6,30,207.90 നീക്കിയിരിപ്പുണ്ട്. ഇതിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിലേക്ക് നൽകുവാൻ ബാക്കി നിൽക്കുന്ന തുകയും മറ്റ് ഏതെല്ലാം ഇനത്തിലായാണ് തുക നീക്കിയിരിപ്പുള്ളതെന്നുമുള്ള വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/29.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റാറ്റ്യൂട്ടറി റിക്കവറിയിനത്തിൽ മാറ്റിയിടുന്ന തുകകൾ ബന്ധപ്പെട്ട നിയമം നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിശ്ചിത ദിവസങ്ങൾക്കകം അടക്കേണ്ടതാണെന്നിരിക്കെ ഈ തുകകൾ പ്രത്യേക അക്കൗണ്ടിൽ മുതൽ കൂട്ടിയിടുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാദ്ധ്യത വരുത്തുന്ന നടപടിയാണ്. ആയതിനാൽ ഇത്തരം തുകകൾ എത്രയും വേഗം അടവാക്കേണ്ടതാണ്. ഈ ബാങ്ക് അക്കൗണ്ട് ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾക്ക് വേണ്ടി മാത്രമായി നിജപ്പെടുത്തേണ്ടതും ഓരോ ടെണ്ടർ കഴിയുമ്പോൾ തന്നെ ടെണ്ടർ ഫീ തുക പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 1-20 പിണറ്വൂർക്കടി ലൈബ്രറി പൂർത്തീകരണം

അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തി ഉയർന്ന നിരക്കിൽ സ്റ്റീൽ പ്രവൃത്തിക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം-3 ലെ ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവർത്തികളിൽ ഡെപ്പോസിറ്റ് വർക്കായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും തുക കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 2025-26 വർഷത്തിൽ ലഭിച്ചത് കിഴിച്ച് ബാക്കി ബന്ധപ്പെട്ട ഏജൻസികളിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര്, നം/ തുക കൈപ്പറ്റിയ സ്ഥാപനം | ഫണ്ടിനം | അടങ്കൽ | കൈമാറിയ തുക/ വൗ.നം, തീയതി | ചെലവഴിച്ച തുക | നീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|---|---|
| 1 | വടാട്ടുപാറ ഫെൻസിംഗ് ബാറ്ററി എനർജൈസർ എന്നിവ സ്ഥാപിക്കൽ ഫോറസ്റ്റിനു തുക കൈമാറൽ(new), (482/25), കേരള ഫോറസ്റ്റ് വകുപ്പ് | വികസന ഫണ്ട്-ജനറൽ | 150000/- | 88000/- ( UTR RBI 0792508407940/ 19.3.2025) | 83880/- | 4120/- |
| 2 | വിവിധ വാർഡുകളിൽ ഫെൻസിംഗ് മെയിന്റനൻസ് (New), (479/25), കേരള ഫോറസ്റ്റ് വകുപ്പ് | വികസന ഫണ്ട്-ജനറൽ | 800000/- | 800000/-(UTR RBI-0792508407990/ 19.3.2025) | - | 800000/- |
| 3 | പുയംകുട്ടിയിൽ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് തുക കൈമാറൽ(new), ( 250/25), കേരള ഫോറസ്റ്റ് വകുപ്പ് | വികസന ഫണ്ട്-ജനറൽ | 800000/- | 800000/-(UTR RBI0242574632315/ 23.1.2025 ) | - | 800000/- |
| 4 | അനിരുദ്ധ തോമസ് പടി റോഡ് കോൺക്രീറ്റിംഗ് ഫോറസ്റ്റിനു തുക കൈമാറൽ(new), (486/25) കേരള ഫോറസ്റ്റ് വകുപ്പ് | വികസന ഫണ്ട്-ജനറൽ | 500000/- | 500000/- (UTR RBI0742501621500/ 14.3.2025) | - | 500000/- |

| | | | | | | |
|---|---|---|---|---|---|---|
| 5 | കോട്ടമാലി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റ് ഫോറസ്റ്റിന് തുക കൈമാറൽ(new), (487/25), കേരള ഫോറസ്റ്റ് വകുപ്പ്, (A-447/25,Dt.05.05.25 കത്ത്പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 200000/- | 200000/- (XVFC/2024-25/P/58/ 12.3.2025) | 199737/- | 263/- |
| 6 | ദശമൂലം കവല ഫോറസ്റ്റ് റോഡ് കോൺക്രീറ്റിംഗ് (So), (373/25), കേരള ഫോറസ്റ്റ് വകുപ്പ്, (A-2390/24, Dt.28.03.25 കത്ത്പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 300000/- | 300000/- (XVFC/2024-25/P/37/ 19.2.2025) | 273255/- | 26745/- |
| 7 | ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (So),(229/25),കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 106844/- | 106844/- (XVFC/2024-25 /P/43/22.2.25 ) | - | 106844/- |
| 8 | വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (New),(115/25), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (29.10.25- ലെDB17/ESKMPRA /25-26/ 157 നമ്പർ കത്ത് പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) | 1)കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2)വികസന ഫണ്ട്-ജനറൽ | 1695403/- (195403/-(വികസന ഫണ്ട്-ജനറൽ), 1500000/-(CFC) | 1621618/- (121618/-(വികസന ഫണ്ട്-ജനറൽ), (RBI 0812511811812/21.3.25), 13,50,000/-(XVFC /2024-25/P/72/21.3.25) 1500000/-(CFC), (XVFC/2024-25 /P/97/27.3.25) | 1621618/- | 0 |
| 9 | സ്ട്രീറ്റ് ലൈനുകൾക്ക് വേണ്ടി ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ (140/25), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 48,824/- (CFC) | 48,824/-(XVFC/2024-25 /P/32/25.1.25) | - | 48,824/- |
| 10 | സ്ട്രീറ്റ് ലൈനുകൾക്ക് വേണ്ടി ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ (140/25), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,400/- (CFC) | 2,400/-(XVFC/2024-25 /P/50/3.3.25) | - | 2,400/- |
| **ആകെ -** | | | **6103471/-** | **4467686/-** | **2178490/-** | **22,89,196/-** |

മേൽ പ്രവൃത്തികളിൽ ആകെ ചെലവായ 4467686/-രൂപയിൽ 2178490/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത 22,89,196/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ജൽ ജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ

കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ – കേരളം**

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**ജൽജീവൻ മിഷനും – കട്ടപ്പന ഗ്രാമ പഞ്ചായത്തും.**

**ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" തയ്യാറാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ആയതിനാൽ ആയത് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല.

**നിർവ്വഹണ സഹായ ഏജൻസി.**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. കട്ടപ്പന ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ സഹായ ഏജൻസിയായി നിയോഗിക്കപ്പെട്ടത് ഏത് സ്ഥാപനമാണെന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

**സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം.**

സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

**കുടിവെള്ള കണക്ഷൻ ലഭ്യമായതിന്റെ വിവരം.**

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ ലഭിച്ചു എന്നത് സംബന്ധിച്ചുള്ള രേഖകൾ ഒന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

## 1-23 ഹെൽത്ത് ഗ്രാന്റ് – വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് കട്ടപ്പന ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | | ₹3,77,877<br>Int:₹4,106<br>**₹3,81,983** | ₹8,89,000<br>Int:₹16,936<br>**₹9,05,936** | ₹3,71,000<br>+Int:<br>26,741<br>**₹3,97,741** |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹2,35,000<br>Int:<br>₹2,325<br>**₹2,37,325** | ₹3,74,000<br>Int: ₹8,335<br>**₹3,82,335** | ₹5,96,000<br>+Int:<br>10,764<br>**₹6,06,764** |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | - | - | ₹3,58,689 | ₹68,352<br>₹1,40,164<br>₹2,08,516 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | ₹2,22,516<br>₹14,100<br>₹2,36,616 | ₹1,27,500 |

**ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം**

| പ്രോജക്ട് | ചെലവ് 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| **സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി.** | | | | |
| ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണ സൗകര്യം ഏർപ്പെടുത്തൽ | - | - | ₹3,58,689 | ₹68,352<br>₹1,40,164<br>**₹2,08,516** |
| **കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.** | | | | |
| ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ | - | - | ₹2,22,516<br>₹14,100<br>**₹2,36,616** | ₹1,27,500 |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് **കട്ടപ്പന** ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(Ii) പി.എച്ച്.സി. (320100202) Union Bank Of India A/C No.403802010018064 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) Union Bank Of India A/C No.403802010018066 |
|---|---|---|
| മുന്നിരുപ്പ് | ₹9,29,229 | ₹3,83,043 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,97,741 | ₹6,06,764 |
| ആകെ | ₹13,26,970 | ₹9,89,807 |
| ചെലവ് | ₹2,08,516 | ₹1,27,500 |
| നീക്കിയിരുപ്പ് | ₹11,18,454 | ₹8,62,307 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പിണവൂർക്കുടി ലൈബ്രറി പൂർത്തീകരണം

| | |
|---|---|
| പ്രോജക്റ്റ് | പിണവൂർക്കുടി ലൈബ്രറി പൂർത്തീകരണം, വാർഡ്-12 |
| പ്രോജക്റ്റ് നം | 196/2025(so) |
| അടങ്കൽ | ₹850717.00 (₹100717/-(വികസന ഫണ്ട്), ₹750000/-(ബ്ലോക്ക് വിഹിതം) |
| ചെലവ്/ബിൽ നം,തീ. | ₹750000/- (ബ്ലോക്ക് വിഹിതം), (23120852082401485118,09/01/2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | ജോയി.എം.കെ |
| കരാർ നം | 62/AE/LID&EW/KTMPZA/22-23,Dt.16.03.2023 |
| അളവ് പുസ്തകം | E-Book |

മേൽ പ്രോജക്റ്റിൽ താഴെ ചേർക്കുന്ന ഇനം പ്രവൃത്തി നടത്താതെ തന്നെ തുക കൈമാറിയിട്ടുണ്ട്(DSR-2018,Cost Index(place-EKM-135.59). 29.10.2025-ന് നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുള്ളതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തി തുക കൈമാറിയ പ്രവൃത്തി-

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| 1.008-50.10.1 | Steel Work In Built Up GI Tubular Trusses Etc. Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc Complete. |

2. പരിശോധനയിൽ കണ്ടെത്തിയ/ചെയ്ത പ്രവൃത്തി-

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| 10.1 | Structural Steel Work In Single Section, Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer All Complete. |

വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ്/വില | അനുവദിച്ച തുക (₹) |
|---|---|---|
| 1-008-50.10.1(നൽകിയത്) | 902.934kgx160 | 144469.44 |
| 10.1(നൽകേണ്ടത്) | 902.934kgx117 | 105643.27 |
| വ്യത്യാസം | 144469.44-105643.27 | 38826.17 |
| അധികം നൽകിയ തുക | - | 38826.00 |

ഓഡിറ്റ് എൻക്വയറി നം.18/29.10.2025-പ്രകാരം മേൽ അപാകത വ്യക്തമാക്കി കൂടിയ നിരക്കിൽ ടി-പ്രവൃത്തിക്ക് തുക കൈമാറിയതിനു വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയിൽ അധികമായി അനുവദിച്ച 38826.00 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 16 | ₹89,000 | ₹83,000 | ₹6,000 | ഏപ്രിൽ 2025 ൽ ഒടുക്കു വരുത്തി. |

* 16 ജീവനക്കാർ X ₹500 X 7 മാസം = ₹56,000/-

14 ജീവനക്കാർ X ₹500 X 1 മാസം = ₹7,000/-

13 ജീവനക്കാർ X ₹500 X 4 മാസം = ₹ 26,000/-

₹89,000/-

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തിൽ 01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | | |

**4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

**4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | | | | |
| 2024-25 | ₹7,50,000.00 | പിണവൂർക്കുടി ലൈബ്രറി പൂർത്തീകരണം (196/25) | ₹7,50,000.00 | ₹0.00 |
| 2024-25 | ₹5,25,120.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/25) | ₹5,25,120.00 | ₹0.00 |
| 2024-25 | ₹5,000.00 | പാലിന് ഇൻസെന്റീവ് (6/25) | ₹5,000.00 | ₹0.00 |
| 2024-25 | | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (98/25) | ₹0.00 | ₹0.00 |
| ആകെ | **₹12,80,120.00** | | **₹12,80,120.00** | **₹0.00** |
| **ജില്ലാ പഞ്ചായത്ത്** | | | | |
| 2024-25 | ₹12,70,422.00 | ലൈഫ്- ഭവനരഹിതർക്ക് ഭവനം-എസ്.ടി. (129/25) | ₹12,70,422.00 | ₹0.00 |
| 2024-25 | ₹12,00,000.00 | ലൈഫ്- ഭവനരഹിതർക്ക് ഭവനം-ജനറൽ (5/25) | ₹12,00,000.00 | ₹0.00 |
| 2024-25 | ₹20,20,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. (7/25) | ₹20,20,000.00 | ₹0.00 |
| 2024-25 | ₹4,60,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. (207/25) | ₹4,60,000.00 | ₹0.00 |
| 2024-25 | ₹1,75,040.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/25) | ₹1,75,040.00 | ₹0.00 |
| 2024-25 | ₹5,000.00 | പാലിന് ഇൻസെന്റീവ് (6/25) | ₹5,000.00 | ₹0.00 |
| 2024-25 | ₹3,97,500.00 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (128/25) | ₹3,97,500.00 | ₹0.00 |
| 2024-25 | ₹6,97,500.00 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (10/25) | ₹6,97,500.00 | ₹0.00 |
| ആകെ | **₹62,25,462.00** | | **₹62,25,462.00** | **₹0.00** |

**4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം**

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു. ഇതിൽ 2025-26 വർഷത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള തുകകൾ

കുറച്ച് ബാക്കി തുകകളാണ് ബന്ധപ്പെട്ട ഏജൻസികളിൽ ബാക്കി നിൽക്കുന്നത്.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.</u>

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (115/25) | RBI 0812511811812/ 21.3.25 | 1,21,618 | 1,21,618 | 0 |
| | XVFC/2024-25 /P/72/21.3.25 | 13,50,000 | 13,50,000 | 0 |
| | XVFC/2024-25 /P/97/27.3.25 | 1,50,000 | 1,50,000 | 0 |
| | **ആകെ** | **16,21,618** | **16,21,618** | **0** |
| ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (229/25) | XVFC/2024-25 /P/43/22.2.25 | **1,06,844** | **-** | **1,06,844** |
| സ്ട്രീറ്റ് ലൈനുകൾക്ക് വേണ്ടി ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ (140/25) | XVFC/2024-25 /P/32/25.1.25 | 48,824 | - | 48,824 |
| | XVFC/2024-25 /P/50/3.3.25 | 2,400 | - | 2,400 |
| | **ആകെ** | **51,224** | **-** | **51,224** |
| **ആകെ** | **-** | **17,79,686** | **16,21,618** | **1,58,068** |

<u>കേരള ഫോറസ്റ്റ് വകുപ്പ്</u>

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| വടാട്ടുപാറ ഫെൻസിങ്ങ് ബാറ്ററി, എനർജൈസർ എന്നിവ സ്ഥാപിക്കൽ ഫോറസ്റ്റിന് തുക കൈമാറൽ (482/25) | UTR RBI 0792508407940/ 19.3.2025 | 88,000 | 83,880 | 4,120 |
| വിവിധ വാർഡുകളിൽ ഫെൻസിങ്ങ് മെയിന്റനൻസ് (479/25) | UTR RBI0792508407990/ 19.3.2025 | 8,00,000 | - | 8,00,000 |
| പൂയംകുട്ടിയിൽ ഹാങ്ങിങ്ങ് ഫെൻസിങ്ങ് സ്ഥാപിക്കുന്നതിന് തുക കൈമാറൽ (250/25) | UTR RBI0242574632315/ 23.1.2025 | 8,00,000 | - | 8,00,000 |
| അനിരുദ്ധ തോമസ് പടി റോഡ് കോൺക്രീറ്റിംഗ് ഫോറസ്റ്റിന് തുക കൈമാറൽ (486/25) | UTR RBI0742501621500/ 14.3.2025 | 5,00,000 | - | 5,00,000 |
| കോട്ടമാലി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റിങ്ങ് ഫോറസ്റ്റിന് തുക കൈമാറൽ (487/25) | XVFC/2024-25/P/58/ 12.3.2025 | 2,00,000 | 1,99,737 | 263 |
| ദശമൂലം കവല ഫോറസ്റ്റ് റോഡ് കോൺക്രീറ്റിങ്ങ് (373/25) | XVFC/2024-25/P/37/ 19.2.2025 | 3,00,000 | 2,73,255 | 26,745 |
| **ആകെ** | | **26,88,000** | **5,56,872** | **21,31,128** |

വാർഷിക ധനകാര്യപത്രികയിൽ ഫോറസ്റ്റ് വകുപ്പിൽ മുൻകൂർ നിക്ഷേപിച്ച 26,88,000/- രൂപ മുൻകൂർ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ഈ മുൻകൂർ തുകകളുടെ വിനിയോഗം സംബന്ധിച്ച് പിന്തുടരൽ നടത്തുന്നതിന് വിഘാതമാകുന്നു. 2025-26 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച തുകകൾ ക്രമീകരിച്ച് ബാക്കി തുകകൾ നിക്ഷേപ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

### 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) | തൻവർഷം ലഭിച്ച തുക (₹) | ആകെ (₹) | തൻവർഷം തിരിച്ചടച്ച തുക* (ഉത്ഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ | |
| 330500201 KURDFC | 3,95,57,134 | 1,44,37,974 | 5,39,95,108 | 52,54,180 | - | 4,87,40,928 |

*തിരിച്ചടവിന്റെ വിവരം

| ജി.ഒ.പ്രോജക്ട് | | തുക (₹) |
|---|---|---|
| നമ്പർ | പേര് | |
| 543/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | 1334389 |
| 545/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | 1337136 |
| 544/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | 387650 |
| 546/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | 383017 |
| 549/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്..പി.) | 904933 |
| 547/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്..പി.) | 907055 |
| ആകെ | | 52,54,180 |

### 4-7 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | ₹34,43,664.00 |
| തൻവർഷം നിക്ഷേപിച്ച മുതൽ | 0 | - |
| തൻവർഷം നിക്ഷേപിച്ച പലിശ | 0 | |
| ആകെ | | ₹34,43,664.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | ₹34,43,664.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുട്ടമ്പുഴ (നം-K-316) | ₹34,43,664.00 | 21570/29.03.2024* |
| ആകെ | ₹34,43,664.00 | |

* സ്ഥിരനിക്ഷേപം കാലാവധി കഴിഞ്ഞിട്ടും പുതുക്കി നിക്ഷേപിച്ചിട്ടില്ല.

### 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 2001-02 | 18 | 2004-05 | III7(1)12 | മാർത്തോമ സിറ്റി, അമ്മാവൻ സിറ്റി റോഡ് പുനരുദ്ധാരണം- ടെണ്ടർ കുറവ് 8% ബില്ലിൽ വരുത്തിയില്ല. നഷ്ടം | അന്തിമ തീരുമാനമായില്ല |

13456/-രൂപ.

**4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹12,67,44,188.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹9,07,88,455.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹38,826.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹22,89,196.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (₹) | സർചാർജ് ചെയ്യാവുന്നവ (₹) | |
| 1-20 & 3-1 | - | 38,826 | ശ്രീ.രതീഷ് ഭാസ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **-** | **38,826** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 22,89,196 | ശ്രീ.സുനിൽ.കെ.എൻ., സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |
| ആകെ | 22,89,196 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീഷ് ഭാസ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആവോലി ഗ്രാമപഞ്ചായത്ത്. | രണ്ടുപ്പാക്കൽ, കല്ലൂർക്കാട്, എറണാകുളം ജില്ല. പിൻ-686668 |
| ശ്രീ.സുനിൽ.കെ.എൻ. സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്. | കളരിക്കൽ, പുഷ്പകം, ഇരിങ്ങോൾ, പെരുമ്പാവൂർ. പിൻ- 683548 |

### 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി8)448/99, തീയതി 16.01.1999 |
| 1999-2000<br>2000-2001 | എൽ.എഫ്.ഇ.(പി1)737/2004, തീയതി 13.01.2005 |
| 1999-2000<br>2001-2002 | എൽ.എഫ്.ഇ.(പി1)1294/08 തീയതി 18.09.2003 |
| 2000-2001 | എൽ.എഫ്.ഇ.(പി1)1294/എ1/06, തീയതി 18.09.2003 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.ഇ.പി7-2007/07, തീയതി 30.08.2008 |
| 2006-07 | എൽ.എഫ്.ഇ.പി7-1647/2009, തീയതി 06.07.2010 |
| 2007-08<br>2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ.പി7-1424/12, തീയതി 10.12.2012 |
| 2011-12<br>2012-13 | എൽ.എഫ്.ഇ.പി7-683/2014, തീയതി 23.06.2014 |
| 2013-14<br>2014-15 | കെ.എസ്.എ.ഇ.കെ.എം(പി4)1189/16/23.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി.14)189/17/31.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി.14)2029/1/27.11.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി.14)2323/1/01.03.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി.14)147/2020/20.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി14)1377/2021 തീയതി 17.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി14)1378/2021 തീയതി 10.01.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി14)1889/2022 തീയതി 29.12.2022 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി14)1795/2023 തീയതി 19.12.2023 |
| 2023-24 | കെ.എസ്.എ.-ഇ.കെ.എം.(പി.6)1590/2024 തീയതി 21.11.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Mims

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kuttampuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kuttampuzha Grama Panchayat as on 31-03-2025

**Date: 24/11/2025**

**Deputy Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kuttampuzha Grama Panchayat for the Year 2024-2025 .

**1.Major Observations**

NIL.

**2.Other Observations**

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Cash Flow statement Net increase/decrease in cash flow do not match with difference between opening balance and closing balance.

3. Asset details not furnished for the Capital Expenditure from Maintenance grant Road and Non road.

4. Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. A difference of Rs. 81,535 is seen between the CFC Grant expenditure in AFS and Sulekha expenditure statement.

6. The closing balance of CFC Fund mismatch between B.4 Schedule and B.17 Schedule.

7. The Deposit amount of Rs. 26,88,000/- to Forest department for various works are not included under Advance head in Balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്